ഖാദി ഗ്രാമമേഖലയിലെ പുതിയ സംരംഭങ്ങൾ

114 (6565) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഖാദി ഗ്രാമവ്യവസായ മേഖലയിൽ പുതുതായി എത്ര സംരംഭങ്ങൾ ആരംഭിച്ചുവെന്ന് വിശദമാക്കുമോ ;

(ബി) ഇതുമൂലം എത്രപേർക്ക് പുതുതായി തൊഴിൽ ലഭ്യമായി എന്നും എത്ര തുക ഗ്രാന്റായി അനുവദിച്ചുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പരമ്പരാഗത ഗ്രാമീണ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി എത്ര പേർക്ക് തൊഴിൽ പരിശീലനം നൽകിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് മുഖേന 31-3-2014 വരെ പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി.) പ്രകാരം 1166 പുതിയ സംരംഭങ്ങളും സംസ്ഥാന സർക്കാരിന്റെ പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം (എന്റെ ഗ്രാമം പദ്ധതി) 455 പുതിയ സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതുമൂലം 10762 പേർക്ക് പുതുതായി തൊഴിൽ ലഭ്യമായി. മാർജിൻമണി ഗ്രാന്റായി 3013.10 ലക്ഷംരൂപ അനുവദിച്ചു. ജില്ലതിരിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) തേനീച്ച വളർത്തൽ പദ്ധതിയിൽ 1560 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

2014-15-ലെ കേന്ദ്ര ബജറ്റിൽ കേരളത്തിനുവേണ്ടി നടപ്പാക്കേണ്ടപദ്ധതികൾ

115 (6566) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 കേന്ദ്ര ബജറ്റിൽ കേരളത്തിന് വേണ്ടി നടപ്പാക്കേണ്ട പദ്ധതികൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) 2014-15-ലെ കേന്ദ്ര ബഡ്ജറ്റിന് മുന്നോടിയായി കേന്ദ്ര ധനമന്ത്രി വിളിച്ചുചേർത്ത സംസ്ഥാന ധനമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന ധനമന്ത്രി പങ്കെടുക്കുകയും സംസ്ഥാനത്തിന്റെ വിവിധ ആവശ്യങ്ങൾ കേന്ദ്ര ബജറ്റിൽ പരിഗണിക്കുന്നതിനായി അവതരിപ്പിക്കുകയും ചെയ്തു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly